**അനുബന്ധം**

(1) വാമനപുരത്തെ ഡിജിറ്റൽ സർവെ നടപടികളുടെ പൂർത്തീകരണം സംബന്ധിച്ച ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ നൽകിയ മറുപടി

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി റീസർവേ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ പദ്ധതിക്കാണ് 2022 നവംബർ 1-ന് സംസ്ഥാന സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ഓരോ ഘട്ടത്തിലും 200 വില്ലേജുകളെയാണ് ഡിജിറ്റൽ റീസർവെ പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. അതിൽ വാമനപുരം മണ്ഡലത്തിലെ വാമനപുരം, പെരിങ്ങമല, കല്ലറ, പാങ്ങോട്, പാലോട് എന്നീ വില്ലേജുകളെ ഡിജിറ്റൽ റീസർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽതന്നെ ഉൾപ്പെടുത്തിയിട്ടുള്ളതും 2024-ൽ ജൂൺ മാസത്തിൽ ആരംഭിച്ച ഡിജിറ്റൽ സർവെ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയുമാണ്.

ഇവയിൽ 2169.1 ഹെക്ടർ വിസ്തീർണ്ണമുള്ള വാമനപുരം വില്ലേജിൽ ആകെ 1059 സർവെ നമ്പരുകളാണുള്ളത്. അതിൽ 700.1 ഹെക്ടർ വിസ്തീർണ്ണം

ഡിജിറ്റലായി ഇതിനോടകം സർവെ ചെയ്തിട്ടുണ്ട്. 2569.9 ഹെക്ടർ വിസ്തീർണ്ണമുള്ള കല്ലറ വില്ലേജിൽ 1532 സർവെ നമ്പരുകളാണുള്ളത്. കല്ലറ വില്ലേജിൽ 339.8 ഹെക്ടർ ഭൂമി ഡിജിറ്റൽ റീസർവെ വഴി അളന്ന് തിരിച്ചിട്ടുണ്ട്. പാങ്ങോട് വില്ലേജിന് ആകെ വിസ്തീർണ്ണം 3771 ഹെക്ടറും ആകെ സർവെ നമ്പരുകളുടെ എണ്ണം 1344 എണ്ണവുമാണ്. 271.6 ഹെക്ടർ ഭൂമി ഡിജിറ്റൽ റീസർവെ വഴി അളന്ന് തിരിച്ചിട്ടുണ്ട്. പെരിങ്ങമല വില്ലേജിൽ ആകെയുള്ള 15377 ഹെക്ടർ ഭൂമിയിൽ 704.59 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ റീസർവെ പൂർത്തിയാക്കിയിട്ടുണ്ട്. 1777.5 ഹെക്ടർ വിസ്തീർണ്ണമുള്ള പാലോട് വില്ലേജിൽ 485.83 ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ റീസർവെ പ്രവർത്തികളാണ് ഇതിനോടകം സാധിച്ചിട്ടുള്ളത്. 35 സർവെ ജീവനക്കാരാണ് 5 വില്ലേജുകളിലായി സർവെ ജോലി ചെയ്തുവന്നിരുന്നത്. എന്നാൽ "നക്ഷ" പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ആറ്റിങ്ങൽ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റികളിലെ വില്ലേജുകൾ 2025 മാർച്ച് 31-നകം സർവെ നടപടി പൂർത്തീകരിക്കേണ്ടതിനാൽ ഇതിൽനിന്നും 14 ജീവനക്കാരെ താൽക്കാലികമായി വാമനപുരം മണ്ഡലത്തിന്റെ റീസർവെ ജോലികളിൽനിന്നും

മാറ്റേണ്ടിവന്നു. നിലവിൽ 21 ജീവനക്കാർ ജോലി ചെയ്തുവരുന്നു. മാർച്ച് 31-നുശേഷം 'നക്ഷ' പദ്ധതിക്കായി നിയോഗിച്ച 14 സർവെയർമാർ തിരികെ ജോലിയിൽ പ്രവേശിക്കുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ 18 സർവെയർ വേക്കൻസികൾ നിലവിലുണ്ട്. സർവെയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് PSC റാങ്ക് ലിസ്റ്റ് നിലവിലില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൂടുതൽ സർവെയർമാരെ നിയമനം നടത്തുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. ഇതിനുശേഷം കൂടുതൽ ജീവനക്കാരെ വിനിയോഗിക്കാൻ കഴിയും.

ഡിജിറ്റൽ റീസർവെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ വില്ലേജുകളിൽനിന്നുള്ള സർവെയർമാരെയും കൂടുതൽ സാങ്കേതിക ഉപകരണങ്ങളും അനുവദിച്ചുകൊണ്ട് വാമനപുരം നിയോജകമണ്ഡലത്തിൽ സർവെ ആരംഭിച്ച വില്ലേജുകളിലെ ഡിജിറ്റൽ റീസർവെ ജോലികൾ കാലവിളംബം കൂടാതെ തന്നെ പൂർത്തിയാക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

(2) ഇടുക്കി ദേവികുളത്തെ വന്യമൃഗ ആക്രമണം സംബന്ധിച്ച ശ്രീ. എ. രാജ, എം.എൽ.എ.-യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നൽകുന്ന മറുപടി

ഇടുക്കി ജില്ലയിലെ ദേവികുളം മണ്ഡലത്തിൽപ്പെട്ട വനാതിർത്തിയോട് ചേർന്നുവരുന്ന ചില പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ആവർത്തിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാറിൽ പ്രവർത്തിക്കുന്ന ഒരു സ്ഥിരം ആർ.ആർ.ടി. ടീമിനും 6 ഇന്റേണൽ ആർ.ആർ.ടി.-കൾക്കും പുറമെ ടി പ്രദേശത്തെ രൂക്ഷമായ വന്യജീവി സാന്നിധ്യം പരിഗണിച്ച് മാങ്കുളം ഡിവിഷനിൽ പുതിയ ഒരു സ്ഥിരം ആർ.ആർ.ടി. കൂടി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

പ്രസ്തുത ആർ.ആർ.ടി.-കൾ പ്രദേശത്ത് നിരന്തരം (24x7) നിരീക്ഷണം നടത്തിവരുന്നുണ്ട്. കാട്ടാനയുടെ സാന്നിധ്യം മനസ്സിലാക്കി ജനങ്ങളെ അറിയിക്കുന്നതിനും ജനപ്രതിനിധികളടക്കമുള്ള 5000-ത്തോളം അംഗങ്ങളെ ചേർത്ത് വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് അതുവഴി മുന്നറിയിപ്പ് നൽകുകയും ഏർളി വാണിങ് അലർട്ട് സിസ്റ്റം വഴി അറിയിപ്പുനൽകിയും വന്യജീവി

ആക്രമണ സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

'പടയപ്പ' എന്ന് വിളിപ്പേരുള്ള കാട്ടാനയെ നിരീക്ഷിക്കുന്നതിന് ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറും ഫോറസ്റ്റ് വാച്ചറുമടങ്ങുന്ന സംഘത്തെ സ്ഥിരമായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആർ.ആർ.ടി.-കൾ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിച്ചുവരുന്നതായാണ് വിലയിരുത്തിയിട്ടുള്ളത്. പ്രസ്തുത ആർ.ആർ.ടി.-കൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മൂന്നാർ, മാങ്കുളം, മറയൂർ ഡിവിഷനുകൾ കേന്ദ്രീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ഡിവിഷൻതല എമർജൻസി ഓപ്പറേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

കാട്ടാന സാന്നിധ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളെ ഹോട്ട്സ്പോട്ട് ആയി ലിസ്റ്റ് ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ പ്രകാരമുള്ള പ്ലാനും അതനുസരിച്ചുള്ള നടപടികളും 25-09-2024 മുതൽ മറയൂർ ഡിവിഷനിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ദേവികുളം റേഞ്ചിൽ ചിന്നക്കനാൽ പന്നിയാർ ഭാഗത്ത് 300 മീ. ദൂരത്തിലും ശങ്കരപാണ്ഡ്യമെട്ട് ഭാഗത്ത് 520 മീ. ദൂരത്തിലും പന്തടിക്കളം ഭാഗത്ത് 3.2 കി.മീ. ദൂരത്തിലും സൗരോർജ്ജ തൂക്കുവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്.

കൂടാതെ ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 17.5 കി. മീറ്ററും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 45 കി. മീറ്ററും ഉൾപ്പെടെ 62.8 കി.മീ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

വനത്തിനുള്ളിൽ വന്യജീവികൾക്ക് ഭക്ഷ്യ-ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 12 ബ്രഷ് വുഡ്ചെക്ക്ഡാമുകൾ, 8 പുതിയ കുളങ്ങൾ എന്നിവ നിർമ്മിച്ചും 31 ചെക്ക് ഡാമുകളിലെ ചെളി നീക്കംചെയ്ത് മെയിന്റനൻസ് നടത്തിയും വനത്തിനുള്ളിൽ പരാവധി ജലലഭ്യത ഉറപ്പുവരുത്തി. 30 ഹെക്ടറോളം സ്ഥലത്ത് അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് പുൽമേടുകൾ പുനഃസ്ഥാപിച്ചും 78 ഹെക്ടറോളം സ്ഥലത്ത് പുൽമേടുകൾ സംരക്ഷിച്ചും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

മറയൂർ ഡിവിഷനിൽ പോത്തടി, അഞ്ചുനാട്ടുപറ പ്രദേശങ്ങളിൽ 78 ഹെക്ടർ സ്ഥലത്ത് വാറ്റിൽ, യൂക്കാലി, സിൽവർ ഓക്ക് തുടങ്ങിയ വിദേശ മരങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. 30 ഹെക്ടർ സ്ഥലത്ത് ഇതിന്റെ തുടർപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മൂന്നാർ ഡിവിഷനിൽ 53.22 ഹെക്ടർ സ്ഥലത്തുനിന്ന് വിദേശ മരങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വന്യജീവി സാന്നിധ്യം മനസ്സിലാക്കുന്നതിന് ഇടുക്കി എഞ്ചിനീയറിങ് കോളേജിന്റെ സഹായത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ എ.ഐ. ക്യാമറകൾ, ഏർളി വാണിങ് സിസ്റ്റം എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

ദേവികുളം മണ്ഡലത്തിനുകീഴിലുള്ള ഡിവിഷനുകളിൽ കൂടുതൽ എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനും ഏർളി വാണിങ് നൽകുന്നതിനായുള്ള പരിപാടികളും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ Ele-fence എന്നറിയപ്പെടുന്ന AI based smart fencing വയനാട് സൗത്ത് ഡിവിഷനിൽ

ചെതലത്ത് റേഞ്ചിലെ ചേക്കൊല്ലിയിൽ സ്ഥാപിച്ചിരുന്നു. ആയതിന്റെ പ്രവർത്തനം വിജയകരമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ട്.

2021 മേയ് മുതലുള്ള കാലയളവിൽ ഹൈറേഞ്ച് സർക്കിളിന് മനുഷ്യ-വന്യമൃഗ സംഘർഷത്തിലുൾപ്പെട്ടിട്ടുള്ള വന്യമൃഗങ്ങളിൽ 04-10-2022-ൽ ഒരു കടുവയേയും 29-04-2023-ൽ ഒരു കാട്ടാനയെയും സ്ഥലത്തുനിന്നും പിടികൂടി വിദൂര പ്രദേശത്തേക്ക് മാറ്റിയിട്ടുണ്ട്.

മറയൂർ ഡിവിഷനിൽ കാന്തല്ലൂർ ഭാഗത്തും പള്ളനാട് ഭാഗത്തും ജനവാസകേന്ദ്രങ്ങളിൽ തമ്പടിച്ചിരുന്ന കാട്ടുപോത്തുകളെ വനത്തിനുള്ളിലേക്ക് കയറ്റിവിട്ടിട്ടുള്ളതാണ്. കാന്തല്ലൂർ, പെരുമല, കുളച്ചിവയൽ ഭാഗത്ത് സ്വകാര്യ യൂക്കാലി തോട്ടങ്ങളിൽ തമ്പടിച്ച് നാശനഷ്ടങ്ങൾ വരുത്തിയിരുന്ന ആനക്കൂട്ടങ്ങളെ 2024-ൽ നാലുപ്രാവശ്യമായി വനമേഖലയിലേക്ക് കടത്തിവിട്ടിട്ടുള്ളതാണ്. നിലവിൽ ടി പ്രദേശത്ത് കാട്ടാന ശല്യം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

ദേവികുളം നിയോജകമണ്ഡലത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് കിട്ടിയ അപേക്ഷകളിൽ ഭൂരിഭാഗവും തീർപ്പാക്കിയിട്ടുള്ളതാണ്. മൂന്നാർ ഡിവിഷനിൽ 13 അപേക്ഷകളും മാങ്കുളം ഡിവിഷനിൽ 10 അപേക്ഷകളുമാണ് ഇനി തീർപ്പുകൽപ്പിക്കുവാനുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചതിന് 1,74,00,000 രൂപയും പരിക്ക് പറ്റിയതിന് 14,56,000 രൂപയും കൃഷി നാശത്തിന് 57,70,000 രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതാണ്.

(3) ബേക്കൽ എയർസ്ട്രിപ്പ് നടപ്പാക്കൽ സംബന്ധിച്ച ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നൽകിയ മറുപടി

അന്താരാഷ്ട്ര തലത്തിൽ ഇടം നേടിയ കേരളത്തിലെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനാണ് ബേക്കൽ. ബേക്കലിന്റെ ടൂറിസം സാധ്യതകളെ ഉയർത്താൻ നിരവധി പദ്ധതികൾ ടൂറിസം വകുപ്പിന്റെ മുൻകൈയിൽ

നടപ്പാക്കുന്നുണ്ട്. ബി.ആർ.ഡി.സി. നടപ്പാക്കുന്ന പദ്ധതികൾ ബേക്കലിന്റെ ടൂറിസം സാധ്യതകളെ കൂടുതൽ വർധിപ്പിക്കുകയും ചെയ്തു. കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ഉൾപ്പെടെ സമീപകാലത്ത് അവിടെ ആരംഭിക്കുകയുമുണ്ടായി. ഈ പശ്ചാത്തലത്തിൽ ബേക്കൽ എയർസ്ട്രിപ്പ് പദ്ധതിയുടെ പ്രാധാന്യം വർധിക്കുകയാണ്.

14-02-2011-ലെ സർക്കാർ ഉത്തരവുപ്രകാരം ബേക്കലിനടുത്തുള്ള പെരിയയിൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതിയാണ് ആവശ്യം. അതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിക്കുകയും തുടർപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ടൂറിസം വകുപ്പിനും ബി.ആർ.ഡി.സി.-ക്കുമൊപ്പം ഏവിയേഷൻ ചുമതലയുള്ള ഗതാഗത വകുപ്പും ജില്ല ഭരണകൂടവും കിഫ്ബിയുമെല്ലാം ഒന്നിച്ച് ചേർന്നാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. നിലവിൽ ബേക്കലിലുള്ള ഫീൽഡ് വർക്കുകൾക്ക് നേതൃത്വം നൽകുന്നത് ബി.ആർ.ഡി.സി. തന്നെയാണ്. പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്

ബി.ആർ.ഡി.സി. പ്രധാനപ്പെട്ട ഉത്തരവാദിത്തം നിർവഹിക്കുകയും ചെയ്യുന്നുണ്ട്. അത് തുടരണമെന്നാണ് ഇപ്പോൾ സർക്കാർ ആലോചിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ബി.ആർ.ഡി.സി.-ക്ക് ഒരു പ്രധാനപ്പെട്ട പങ്കാളിത്തം ഉറപ്പായും ഉണ്ടാകും. മറ്റ് പ്രവർത്തനങ്ങളിലേക്ക് കടക്കുന്ന മുറക്ക് നോഡൽ ഏജൻസി ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എല്ലാവരുമായി ആലോചിച്ച് തീരുമാനത്തിലെത്താം.

(4) <u>വൈപ്പിൻകര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കൽ സംബന്ധിച്ച ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നൽകുന്ന മറുപടി</u>

സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന ഡെസ്റ്റിനേഷനാണ് വൈപ്പിനും അനുബന്ധ മേഖലകളും. വൈപ്പിനിലെ ബീച്ചും കായലുകളും വിദേശസഞ്ചാരികളെ അടക്കം ആകർഷിക്കുന്ന തരത്തിലേക്ക് പ്രശസ്തി നേടിക്കഴിഞ്ഞു. വൈപ്പിനിലെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് രണ്ട് പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ഒന്ന് കടമക്കുടി ഗ്രാമീണ

കായൽ ടൂറിസം പദ്ധതി. ഇതിനായി ബജറ്റ് വിഹിതമായി 8 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിന്റെ വിശദമായ പദ്ധതിരേഖ തയാറാക്കുകയും ബജറ്റ് പ്രൊപ്പോസൽ ആയതിനാൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

മറ്റൊരു പ്രധാനപ്പെട്ട പദ്ധതി ബീച്ച് കോറിഡോർ വികസന പദ്ധതിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിരുന്ന ഒരു പദ്ധതിയായിരുന്നു ഇത്. എന്നാൽ പല ഘടകങ്ങൾക്കും CRZ അനുമതി ലഭ്യമാകാത്തതിനാൽ അന്ന് അനുമതി നൽകിയിരുന്ന പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കിയില്ല. അത്തരം ഘടകങ്ങളെല്ലാം മാറ്റിനിർത്തിക്കൊണ്ടുള്ള പുതിയ പദ്ധതിരേഖ തയാറാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ ആദ്യ വർക്കിങ് ഗ്രൂപ്പിൽതന്നെ ഈ പദ്ധതി രേഖ അംഗീകാരത്തിനായി സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.